5/1/2025 Item Code: 944 Participant Code: 322

# ശാസ്ത്രാവബോധവും ആധുനിക സമൂഹവും.

*——*

## ആമുഖം

നിത്യവും വളർന്നുകൊണ്ടിരിക്കുന്ന ഒരു ആധുനിക സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എന്ത് പെട്ടെന്നാണ് ഈ ലോകത്തിലെ ഓരോ ചെറിയ കാര്യങ്ങൾക്കും മാറ്റം സംഭവിക്കുന്നത് എന്ന് ചിന്തിച്ച് നാം സ്തബ്ധരായി പോവുകയാണ്. ആ വളർച്ചയും കണ്ടെത്തലുകളും നമ്മുടെ ജീവിതം കൂടുതൽ സൗകര്യപ്രദമാക്കുന്നു. ഇങ്ങനെ ഒരു അതിവേഗ വളർച്ചയിലേക്ക് മനുഷ്യനെ നയിച്ചത് എന്താവാം? ഒരു സംശയവുമില്ലാതെ നമുക്ക് പറയാൻ കഴിയും, പുതിയ കാര്യങ്ങൾ കണ്ടെത്താനുള്ള മനുഷ്യന്റെ ത്വരയാണ് അതിന് കാരണം. ആ ത്വര അവനിൽ ഇല്ലായിരുന്നു എങ്കിൽ ഇന്നും അവൻ കാടുകളിൽ അലഞ്ഞുതിരിഞ്ഞും കായ്കനികൾ ഭക്ഷിച്ചും ജീവിതം

തള്ളി നീക്കിയേനെ. ഇത്ര സുഖസൗകര്യങ്ങളോടെ ജീവിക്കുന്ന നമുക്ക് അങ്ങനെയൊരു കാലം സ്വപ്നം പോലും കാണാൻ കഴിയില്ല, നാം അത് ഇഷ്ടപ്പെടുന്നില്ല. മനുഷ്യന്റെ ആ ത്വര മാത്രമല്ല അവനെ വളർത്തിയത്. ആ ത്വര മനുഷ്യന്റെ ആഗ്രഹമായിരുന്നുവെങ്കിൽ ശാസ്ത്രാവബോധം അതിന്റെ പ്രാവർത്തികതലമായിരുന്നു. നമ്മുടെ ചുറ്റിനും നടക്കുന്ന ഏതൊരു പ്രവർത്തനത്തിലും ശാസ്ത്രമുണ്ട്. എന്താണ് ആ ശാസ്ത്രം അതിനെ പരിപോഷിപ്പിച്ചാൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിച്ചേക്കാം എന്ന് മനുഷ്യൻ ചിന്തിച്ചു. ആ ചിന്ത പ്രാവർത്തികമായപ്പോൾ ആണ് പുതിയ കണ്ടെത്തലുകൾ നടത്തിയത്.

മനുഷ്യന്റെ ശാസ്ത്രാവബോധവും അന്വേഷണ ത്വരയും അവനെ ഭൂമി എന്ന ഇട്ടാവട്ടത്തിൽ മാത്രം ഒതുക്കി നിർത്തിയില്ല. സൂര്യന് മുകളിലും താഴെയുമായി എന്തൊക്കെ നടക്കുന്നു എന്നറിയാൻ അവന് ആഗ്രഹം തോന്നി. അവൻ ചിന്തിച്ചു. ശാസ്ത്രം അവനെ സഹായിച്ചു. അവൻ ബഹിരാകാശവും കീഴടക്കി. ഇവയെല്ലാം

ശാസ്ത്രാവബോധം മനുഷ്യ മനസ്സിനെയും സമൂഹത്തെയും എങ്ങനെയെല്ലാം മാറ്റിമറിച്ചു എന്ന് കാണിക്കുന്നു. ശാസ്ത്രാവബോധവും സാമൂഹ്യവളർച്ചയും തമ്മിലുള്ള ബന്ധം അന്വേഷിച്ചുകൊണ്ടുള്ള യാത്ര നമുക്കിവിടെനിന്ന് ആരംഭിക്കാം.

## ശാസ്ത്രാവബോധവും പഴയകാല സമൂഹവും.

ആമുഖത്തിൽ പറഞ്ഞിരുന്നതുപോലെ, പെട്ടെന്നൊരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചു വന്നതല്ല നമ്മുടെ ചുറ്റുമുള്ള ഈ സുഖസൗകര്യങ്ങളെല്ലാം. മനുഷ്യന്റെ നീണ്ടതും കാഠിന്യമേറിയതുമായ പരിശ്രമങ്ങളിലൂടെയാണ് അവയെല്ലാം നേടിയെടുത്തത്. ഈ ആധുനിക സമൂഹത്തിൽ ശാസ്ത്രത്തിനും ശാസ്ത്രാവബോധത്തിനും വളരെ വലിയ പ്രാധാന്യമാണ് നാം നൽകിയിരിക്കുന്നത്. അവ നമ്മോടൊപ്പം നമ്മുടെ നിഴലായി എന്നും ഉണ്ടാവണം എന്ന് നാം അഭിലഷിക്കുന്നു. പക്ഷേ ഈ ഒരു സാമൂഹികസ്ഥിതിയോ ചിന്തകളോ ഒന്നും പഴയകാല സമൂഹത്തിൽ ഉണ്ടായിരുന്നില്ല. അവരുടെയെല്ലാം മനസ്സ്

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 944 Participant Code: 322

അന്ധവിശ്വാസം എന്ന കയറിൽ മൂടപ്പെട്ടിരുന്നു. ആ
തെറ്റായ ധാരണകളെ അവർ അന്ധമായി വിശ്വസിച്ചു.
തിരുത്താൻ വന്നവരെ നശിപ്പിക്കാൻ ശ്രമിച്ചു. കളി-
യാക്കി, സമൂഹത്തിന്റെ മുൻപിൽ നാണംകെടുത്തി.
അവരെക്കൊണ്ട് അതെല്ലാം ചെയ്യിപ്പിച്ചത് അവരുടെ
അന്ധവിശ്വാസങ്ങളാണ്. ഇതിൽ നിന്ന് നാം മനസ്സിലാ-
ക്കേണ്ട ഒരു സത്യമുണ്ട്. അന്ധവിശ്വാസം ശാസ്ത്രവും
ശത്രുക്കളാണ്. അന്ധവിശ്വാസം ശാസ്ത്രത്തെ നശിപ്പിക്കാൻ
നോക്കുന്നു. നമ്മുടെ സമൂഹത്തിൽ ഇന്നും അന്ധവി-
ശ്വാസങ്ങളിൽ ചെന്ന്പെടുന്നവർ ഉണ്ടെന്ന് പറ-
യുന്നത് തീർത്തും വിഷമകരമാണ്. ഇലന്തൂർ നരബ-
ലിക്കേസ് ഒക്കെ നാം എന്ത് ഞെട്ടലോടെയാണ് കേട്ടത്.
സൗഭാഗ്യങ്ങൾ കൈവരുമെന്ന് കരുതി മനുഷ്യനെ കുരുതി
കൊടുക്കുന്ന തീർത്തും അന്ധവും അസംബന്ധവുമായ
വിശ്വാസം. ശാസ്ത്രം ഇത്രയും വളർന്നിട്ടും നാം പോലും
ചില അന്ധവിശ്വാസങ്ങളിൽപെട്ടുപോകുന്നു. മനുഷ്യൻ
ഉള്ളിടത്തോളം ശാസ്ത്രം ഉണ്ട് അതോടൊപ്പം
അന്ധവിശ്വാസങ്ങളും ഉണ്ടാവും.

പറഞ്ഞുവന്നത്, അന്ധവിശ്വാസങ്ങൾ കൊടികുത്തി
വാണിരുന്ന ഒരു സമൂഹത്തിൽ ആയിരുന്നു വിശ്വവി-
ഖ്യാത ശാസ്ത്രജ്ഞരായ കോപ്പർനിക്കസും, ഗലീലിയോ
ഗലീലിയും, അരിസ്റ്റോട്ടിലും ഒക്കെ ജീവിച്ചിരുന്നത്. ആ
സമൂഹത്തിന്റെ ചിന്താഗതിയെയായിരുന്നു ആദ്യം പരി-
വർത്തിപ്പിക്കേണ്ടതും മാറ്റേണ്ടതും. അക്കാലത്തെ
ഏറ്റവും പ്രബലമായ വിശ്വാസങ്ങളായിരുന്നു ഭൂമി പര-
ന്നതാണ്, ഭൂമിയാണ് സൗരയൂഥത്തിന്റെ നടുക്ക് സ്ഥിതി
ചെയ്യുന്നത്, ഭൂമി ഒരു ആമയുടെ മുകളിലാണ് ഇരിക്കു-
ന്നത് എന്നൊക്കെ. ഈ വിശ്വാസങ്ങളും ചിന്തകളും
മനുഷ്യനിൽ എത്തിച്ചത് അവന്റെ അന്വേഷണത്വരയാവാം,
അവന്റെ സർഗാത്മകതയാകാം. ഉദാഹരണത്തിന് നാം
ചുറ്റുപാടും നോക്കുമ്പോൾ എല്ലാം പരന്നാണിരിക്കുന്നത്,
ഒരു ഗോളത്തിന്റെ ആകൃതിയേ അല്ല അപ്പോൾ സ്വാഭാ-
വികമായും ഭൂമി പരന്നതാണ് എന്ന ചിന്ത, ശാസ്ത്രത്തി-
ന്റെ പിന്തുണയില്ലാതെ മനുഷ്യനിൽ കടന്നുകൂടിയി-
രിക്കാം. ആ ചിന്തയെയാണ് ശാസ്ത്രം തിരുത്തുന്നത്.
ശാസ്ത്രം പറഞ്ഞു ഭൂമി ഉരുണ്ടതാണ്, പരന്നതല്ല.

ഈ തിരുത്തലിന് കാരണമായത് മനുഷ്യന്റെ ശാസ്ത്രാവബോധമാണെന്ന് നിസംശയം നമുക്ക് പറയാം. പക്ഷേ ശാസ്ത്രം എപ്പോഴും ശരിയാവണമെന്നുമില്ല. അതിനെക്കുറിച്ച് വഴിയേ ചർച്ച ചെയ്യാം.

## ശാസ്ത്രീയാവബോധവും പുതിയ കാല സമൂഹവും

നേരത്തെ പറഞ്ഞതുപോലെ നാമെല്ലാം ശാസ്ത്രം നമ്മോടൊപ്പം നിഴലുപോലെ ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവരാണ്. ശാസ്ത്രാവബോധമാണ് ഇന്നിന്റെ എല്ലാം കെട്ടിപ്പടുക്കാൻ നമ്മെ സഹായിച്ചത്. ഈ ആധുനിക സമൂഹവും വളരെ പ്രാധാന്യത്തോടെയാണ് ശാസ്ത്രത്തെയും ശാസ്ത്രാവബോധത്തെയും നോക്കിക്കാണുന്നത്. ഒരു കുട്ടിയുടെ സ്കൂൾ പഠനം മുതൽക്കേ അവനിലെ ശാസ്ത്രാവബോധത്തെ ഉണർത്താനും വളർത്താനുമുള്ള ചുറ്റുപാട് സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് എല്ലാവരും. ചിലർ ആ ശക്തിയെ തിരിച്ചറിഞ്ഞ് വളർത്തുന്നു ചിലർ വിസ്മരിച്ചുകളയുന്നു. കൃത്രിമ ബുദ്ധിയുടെ ഈ ആധുനിക ലോകത്തിൽ ശാസ്ത്രം എന്നതും ശാസ്ത്രാവബോധം

എന്നത്തും വളരെ പ്രധാനപ്പെട്ട രണ്ട് സംഗതികളായി മാറിയിരിക്കുകയാണ്. പ്രധാനമായും രണ്ട് കാരണങ്ങളാണ് അവയെ ഈ യുഗത്തിന്റെ ആവശ്യമാക്കുന്നത്.

i) കൃത്രിമ ബുദ്ധിയെ കൂടുതൽ തലങ്ങളിലേക്ക്, കൂടുതൽ ഉപകരണങ്ങളിലേക്ക് എത്തിക്കണമെങ്കിൽ ശാസ്ത്രത്തോട് വൈമുഖ്യം കാട്ടാത്ത ഒരു തലമുറ ആവശ്യമാണ്. കൃത്യ-മായ രീതിയിൽ കൃത്രിമ ബുദ്ധിയെ നിയന്ത്രിക്കാൻ കഴിഞ്ഞാ-ൽ മാനവരാശിയുടെ ഭാവി തന്നെ അത് മാറ്റിമറിക്കും.

ii) ഇനി ഒരുകാലത്ത് ഈ കൃത്രിമ ബുദ്ധി മനുഷ്യർക്കെതി-രെ തിരിയുന്ന ഒരു കാലം വരികയാണെങ്കിൽ അതിന് തടയിടാനും, മനുഷ്യരാശിയെ സംരക്ഷിക്കാനും ശാസ്ത്രത്തിന്റെ കൂട്ടുപിടിച്ചേ തീരൂ. കൃത്രിമ ബുദ്ധിയുടെ തലതൊട്ടപ്പൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജെഫ്രി ഹിന്റൺ പോലും ഈ കാര്യം വ്യക്തമാക്കുന്നുണ്ട്. കൃത്രിമ ബുദ്ധി മനുഷ്യനെതിരെ തിരിയുന്ന കാലം വന്നേക്കാം. അത് മനുഷ്യരാശിക്ക് തന്നെ വിപത്താണ്.

കൃത്രിമബുദ്ധിയുടെ കാര്യത്തിൽ മാത്രമല്ല ശാസ്ത്രത്തെ പ്രധാനമായും വിലയിരുത്തേണ്ടത്. ബഹിരാകാശനിരീ-

ഭക്ഷണം, കൃഷി, ചികിത്സ, മരുന്നുകളുടെ കണ്ടെത്തൽ തുടങ്ങി മനുഷ്യജീവനെ സ്വാധീനിക്കുന്ന എല്ലാത്തിലും ശാസ്ത്രമുണ്ട്.

## ശാസ്ത്രാവബോധം മനുഷ്യനെ സഹായിക്കുന്ന വിവിധ തലങ്ങൾ.

* ——— *

ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ അവനിൽ ശാസ്ത്രം സ്വാധീനം ചെലുത്തി തുടങ്ങുന്നു. അവന് നൽകുന്ന മരുന്നുകൾ ശാസ്ത്രമാണ്. അവൻ കിടക്കുന്ന ആശുപത്രി പണിതിരിക്കുന്നത് ശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ് അവൻ കഴിക്കുന്ന ഭക്ഷണത്തിലും ഒരു ശാസ്ത്രമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നമുക്ക് ചുറ്റും നടക്കുന്ന എല്ലാത്തിലും ഒരു ശാസ്ത്രമുണ്ട്. ഇതൊക്കെ എങ്ങനെ നടക്കുന്നു എന്ന് ചിന്തിക്കുമ്പോൾ അന്വേഷണത്വര അവനിൽ ജനിക്കുന്നു. ആ അന്വേഷണത്വര പിന്നീട് ശാസ്ത്രാവബോധവും യുക്തിചിന്തയുമായി പരിണമിക്കുന്നു. ഈ ശാസ്ത്രാവബോധം മനുഷ്യനെ സകല കാര്യങ്ങളിലും സഹായിക്കുന്നു. ഈ അണ്ഡകടാഹമേ ശാസ്ത്രമാണ്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഓരോ പുതിയ രോഗങ്ങൾ ഉടലെടുക്കുമ്പോഴും അവയെ എങ്ങനെ ചികിത്സിക്കണം എന്ത് മരുന്ന് കൊടുക്കണം എന്ന് പറയുന്നത് മനുഷ്യന്റെ ശാസ്ത്രാവബോധമാണ്. രോഗങ്ങൾ ഉണ്ടാകുന്നതേ ഒരു ശാസ്ത്രത്തിലൂടെയാണ്. അപ്പോൾ ശാസ്ത്രത്തെ ശാസ്ത്രം കൊണ്ട് വേണം ജയിക്കാൻ എന്ന ഒരു അറിവ് ഇതിൽ അടങ്ങിയിരിക്കുന്നു.

ചികിത്സയുടെ കാര്യത്തിൽ മാത്രമല്ല, നമുക്കെല്ലാം അറിവുള്ളതുപോലെ കോടാനുകോടി വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ ഒരു മഹാവിസ്ഫോടനം ഉണ്ടായതിന്റെ പരിണിതഫലമായാണ് ദിനോസറുകൾ ഈ ഭൂമുഖത്ത് നിന്ന് തുടച്ചുനീക്കപ്പെട്ടത്. അതുപോലെ ഇനി ഭാവിയിൽ ഭൂമിയിൽ ഒരു ഉൽക്കാപതനം സംഭവിക്കുമോ, സംഭവിക്കുമെങ്കിൽ എങ്ങനെ തടുക്കാം എന്ന് നമുക്ക് പറഞ്ഞുതരുന്നത് ശാസ്ത്രമാണ്. ശാസ്ത്രമാണ് ബഹിരാകാശ നിരീക്ഷണത്തിന്റെ ആണിക്കല്ലായി നിൽക്കുന്നത്. ആ ആണികല്ല് മനുഷ്യന്റെ ജ്ഞാനത്തെ വളർത്തിക്കൊണ്ടിരിക്കുന്നു.

ശാസ്ത്രം മനുഷ്യനെ സഹായിക്കുന്ന വിവി-

ധ തലങ്ങളിലെ വളരെ ചെറിയ രണ്ട് ഉദാഹരണങ്ങൾ മാത്രമാണിവ. ഇവയെക്കൂടാതെ ഗതാഗതം, കൃഷി, കെട്ടിടനിർമ്മാണം, ഭക്ഷണപാചകം, ചലനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങളിൽ ശാസ്ത്രം മനുഷ്യനെ സഹായിക്കുന്നു. ആ സഹായം പരുവപ്പെടുത്തി എടുത്തത് അവനിലെ ശാസ്ത്രാവബോധമാണ്.

## ശാസ്ത്രാവബോധവും ഇന്ത്യൻ സമൂഹവും.

മറ്റേതൊരു രാജ്യത്തെപോലെയും ഇന്ത്യയും ശാസ്ത്രത്തിന് വളരെ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രതിരോധം, ഗതാഗതം, കൃഷി, ആശയവിനിമയം, ബഹിരാകാശനിരീക്ഷണം തുടങ്ങി വൻ കുതിച്ചുചാട്ടങ്ങളാണ് ഇന്ത്യൻ സമൂഹം ശാസ്ത്രലോകത്ത് നടത്തുന്നത്. സർക്കാരുകളും കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കാനും വളർത്താനും കിണഞ്ഞു പരിശ്രമിക്കുകയാണ്. ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും മിസൈൽ മാനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഒരിക്കൽ പറഞ്ഞു: "ഭൂമിക്കടിയിലും, ഭൂമിക്കുമുകളിലും, ഭൂമിയിലുമുള്ളതിലും

വെച്ച് ഏറ്റവും ശക്തമായ ആയുധം എന്ന് പറയുന്നത് ഇന്ത്യൻ യുവത്വത്തിന്റെ ജ്വലിക്കുന്ന മനസ്സാണ്". ജ്വലിക്കുന്ന മനസ്സുകളിലാണ് ശാസ്ത്രം കത്തിപ്പടരുന്നത്. നമ്മുടെ രാജ്യത്തെ 140 കോടി ജനങ്ങളുടെ മനസ്സും ജ്വലിക്കുന്നതാണ്. ശാസ്ത്രലോകത്തിൽ ഭാവിയിലും ഇന്ത്യ വൻ കുതിച്ചുചാട്ടങ്ങൾ നടത്താനുള്ള സാധ്യതകളെ തള്ളികളയാൻ കഴിയില്ല. ചിലപ്പോൾ ശാസ്ത്ര ലോകത്തെത്തന്നെ ഭരിക്കുന്നത് ഇന്ത്യയാകാം. കാരണം ഇന്ത്യയിലെ ജനസംഖ്യ തന്നെ. മറ്റേതൊരു രാജ്യത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ യുവതിയുവാക്കൾ ഇന്ത്യയിലുണ്ട്. അതാണ് ഇന്ത്യയുടെ ബലം. അതാണ് മറ്റുള്ളവരുടെ ദൗർബല്യം.

## ശാസ്ത്രാവബോധം മനുഷ്യരാശിക്ക് ഭീഷണി ഉയർത്തുന്നുണ്ടോ?

* ——— *

തുടക്കം മുതൽക്കെ ശാസ്ത്രത്തെ പുകഴ്ത്തി വന്നപ്പോൾ ഈ ചോദ്യം ഒരു തലവേദനയാകുന്നു. ശാസ്ത്രവും ശാസ്ത്രാവബോധവും ഒരിക്കലും നേരിട്ട് മനുഷ്യരാശിക്ക്

ഭീഷണി ഉയർത്തുന്നില്ലെന്ന് ചരിത്രം പരിശോധിച്ചാൽ
നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ശാസ്ത്രത്തെ അല്ലെ-
ങ്കിൽ ശാസ്ത്രാവബോധത്തെ മനുഷ്യൻ എങ്ങനെ
കൈകാര്യം ചെയ്യുന്നു എന്നതാണ് ഗുണവും ദോഷവും
സൃഷ്ടിക്കുന്നത്. ഉദാഹരണത്തിന് ഹിരോഷിമ നാഗസാ-
ക്കി അണുബോംബ് വർഷണം തന്നെ എടുക്കാം. അവിടെ
ആ വിപത്ത് ഉണ്ടാക്കിയത് ശാസ്ത്രത്തിന്റെ ഒരു
കണ്ടെത്തലാണ്. അതോടൊപ്പം ആ കണ്ടെത്തൽ എത്തി-
യ കൈ സുരക്ഷിതമല്ലാതിരുന്നതുകൂടി കൊണ്ടാണ് ആ
വിപത്ത് സംഭവിച്ചത്. ഒരിക്കലും ശാസ്ത്രത്തെ ഇവിടെ
പഴിചാരാൻ കഴിയില്ല. കാരണം, ശാസ്ത്രം ഇരുന്ന കരങ്ങളാ-
ണ് ആ കുറ്റം ചെയ്തത്. ഇന്നും ആ ജനത കഷ്ടപ്പാ-
ടും ദുരിതവും അനുഭവിക്കുകയാണ്. അവിടെ ഇപ്പോൾ
ആ ജനതക്ക് കൈത്താങ്ങാകുന്നതും ശാസ്ത്രമാണ്.
ചുരുക്കിപ്പറഞ്ഞാൽ ശാസ്ത്രം നല്ലരീതിയിലും ഉപ-
യോഗിക്കാം മോശമായും ഉപയോഗിക്കാം. ആരുടെ കയ്യിലാണ്
അത് എന്നതാണ് പ്രാധാന്യം. ഇനിയും ലോകത്തിൽ
അങ്ങനെ ഒരു വിപത്ത് ഉണ്ടാകാതിരിക്കട്ടെ എന്ന്

5/1/2025

Item Code: 944 Participant Code: 322

നമുക്ക് ആശംസിക്കാം.

## ഉപസംഹാരം

* ——— *

മഹാത്മജി ഒരിക്കൽ പറഞ്ഞിട്ടുണ്ട്: "ഈ ഭൂമിയിൽ മനുഷ്യന് ജീവിക്കാൻ ആവശ്യമായതെല്ലാം ഉണ്ട്. അവന്റെ അത്യാഗ്രഹത്തിനുള്ളതില്ല." ശാസ്ത്രാവബോധം എന്നത് ഈ പ്രകൃതിയിൽ ഉള്ളവയെ കാര്യക്ഷമമായും ഫലപ്രദമായും മനുഷ്യന് നേടിക്കൊടുക്കാൻ സഹായിക്കുന്ന അറിവാണ്. അവന്റെ അത്യാഗ്രഹത്തിന് വേണ്ടി ശാസ്ത്രത്തെയും പ്രകൃതിയെയും ഉപയോഗിക്കുമ്പോൾ വലിയ വിപത്തുകൾ വന്നുചേരും. തുടക്കം മുതൽക്കേ ഉള്ള കാര്യങ്ങൾ ഒന്നുകൂടി ചിന്തിച്ചുനോക്കിയാൽ വ്യക്തവും സ്പഷ്ടവുമായി നമുക്ക് മനസ്സിലാവും ശാസ്ത്രാവബോധം സമൂഹത്തിന്റെ വളർച്ച മാത്രമാണ് ലക്ഷ്യം വെയ്ക്കുന്നത്. ചെറിയ ചെറിയ പ്രശ്നങ്ങൾ ഇടക്ക് ഉയർന്നു വരാമെങ്കിലും കാലക്രമേണ ശാസ്ത്രം തന്നെ അവയെ നേരെയാക്കും. ശാസ്ത്രാവബോധമുള്ള സാമൂഹ്യപ്രതിബദ്ധതയുള്ള നല്ല പൗരന്മാരായി നമുക്ക് ജീവിക്കാം. ശാസ്ത്രം എന്ന

മഹാസാഗരത്തെ അടുത്തറിഞ്ഞ് സമൂഹത്തിന്റെ ഉയർ-
ച്ചക്കുവേണ്ടി പരിശ്രമിക്കാം. ശാസ്ത്രലോകം എന്ന മഹാ
അത്ഭുതം ഇവിടെ എങ്ങും അവസാനിക്കുന്നില്ല.
നല്ല ഒരു നാളേക്കായ് നമുക്ക് കാത്തിരിക്കാം......